# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## കെട്ടിട നിർമ്മാണ ചട്ടം ഭേദഗതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5179. 15.11.19- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 1999-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടവും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടവും ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിച്ച് 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും (G.O.(P)No.77/2019 dtd. 2/11/19 - SRO No.828/2019), 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും (G.O.(P)No.78/2019 dtd. 2/11/19 - SRO No.829/2019) പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണത്തിന് അനുമതി വാങ്ങിയശേഷം ഉണ്ടാകുന്ന ചെറിയ ചട്ടലംഘനങ്ങൾക്ക് ഇളവ് നൽകുന്നതിനും ഇതിനായി സർക്കാരിന് അപ്പീൽ നൽകുന്നതിനുമുള്ള വ്യവസ്ഥകൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പുതിയ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം നിർമ്മാണം നടന്നതിന് ശേഷം ചട്ടത്തിൽ നിന്ന് ചെറിയ തോതിൽ വ്യതിചലിച്ചിട്ടുണ്ടെങ്കിൽ ഫീസ് നൽകി ക്രമവത്കരിക്കാൻ സാധിക്കുന്നതാണ്. |
| (സി) | 300 ചതുരശ്ര മീറ്ററിന് മുകളിൽ വീട് വയ്ക്കുന്നവർക്ക് ബയോഗ്യാസ് പ്ലാന്റ് നിർബന്ധമാക്കുന്നതിനും മറ്റ് കെട്ടിടങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന സംവിധാനം ഒരുക്കുന്നതിനും ചട്ടത്തിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ; | (സി) | 300 ചതുരശ്ര മീറ്ററിന് മുകളിൽ ഉള്ള വാസഗൃഹങ്ങൾക്കു ബയോഗ്യാസ് പ്ലാന്റ് നിർബന്ധമാണ്. മറ്റു വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങൾക്കു പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിക്കുന്ന രീതിയിൽ NOC വാങ്ങേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോഴി, പശു ഫാമുകൾക്ക് ഫയർ എൻ.ഒ.സി. വേണമെന്ന നിബന്ധന കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സാഹചര്യത്തിൽ അതിൽ എന്ത് ഇളവ് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രൂപ്പ് G1 ഗ്രൂപ്പ് G2 ഒക്യുപെൻസിയിൽ ഉൾപ്പെടുന്ന ലൈവ് സ്റ്റോക്ക്, പോൾട്രി ഫാമുകൾക്ക് fire and rescue service-ന്റെ സർട്ടിഫിക്കറ്റ് ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ